(ഡി) ലേബർ കമ്മീഷണർക്ക് അങ്ങനെയും പരാതി ലഭിച്ചു. ഫ—വ്യ— ൪ ൦—ൽ ആണ് അങ്ങനെ പരാതി ലഭിച്ചതു".

(ഇ) ഈ പരാതിയെപ്പറ്റി അഡ്വാ അസിസ്റ്റൻറ് ലേബർ കമ്മീഷണരും, ലേബർ കമ്മീഷണരും അന്വേഷണം നടത്തുകയുണ്ടായി. മിൽ അടച്ചിട്ടിരിക്കുന്നകാലത്തേക്ക് എന്തെങ്കിലും പരിഹാരം നൽകണമെന്നു് ലേബർ കമ്മീഷണർ മാനേജ്മെൻറിനോടാവശ്യപ്പെട്ടിട്ടുണ്ട്. മിൽ അടച്ച പരിതഃസ്ഥിതി പരിഗണിക്കുമ്പോൾ ഇതു് ഒരു നിയമവിരുദ്ധ ലാക്കൌട്ടാണെന്നു് പറഞ്ഞുകൂടാ.

ഫാക്ടറി നിയമം

*൪൦൯. (വ്യവ) ശ്രീ. പി. കെ. ഡിവർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിൽ നിലവിലിരിക്കുന്ന ഫാക്ടറീസ് ആക്ടുകളും ഇൻഡ്യൻ ഫാക്ടറീസ് ആക്ടുകളും ഒരേ നിലയിൽ കൊണ്ടുവരുവാൻ ഗവൺമെൻറു് വല്ല നടപടിയും ഇതിനകം എടുത്തു കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തൊക്കെയാണു്;

(ബി) ഏതെല്ലാം വിഷയങ്ങളിലാണ് നമ്മുടെ സംസ്ഥാനത്തു് നിലവിലിരിക്കുന്ന ഫാക്ടറി നിയമങ്ങളും ഇൻഡ്യൻ ഫാക്ടറി നിയമങ്ങളും തമ്മിൽ വ്യത്യസ്തപ്പെട്ടിരിക്കുന്നതെന്നു് സദയം പറയുമോ;

(സി) ഇവിടത്തെ ഫാക്ടറി ആക്ടു് ഇൻഡ്യൻ ഫാക്ടറി ആക്ടിനോടു് തുല്യമായ നിലയിൽ ആക്കുവാൻ അടിയന്തിര നടപടികൾ എടുക്കണമെന്നു് വല്ല ടെയിഡു് യൂണിയനുകളോ ഈ നിയമസഭയിലെ വല്ല സാമാജികന്മാരുമൊ ബഹു. മന്ത്രിയോടോ ഗവൺമെൻറിനോടോ ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണു്; അതിന്മേൽ എന്തു നടപടി എടുത്തിട്ടുണ്ടു്;

(ഡി) ഇൻഡ്യൻ ഫാക്ടറീസ് ആക്ടു് പ്രകാരം തൊഴിലാളികളുടെ ഓവർടൈം കൂലികണക്കാക്കുന്നതു് കൂലിക്കും ക്ഷാമബത്തക്കും കൂടിച്ചേർന്നതിൻെറ ഇരട്ടി എന്ന നിരക്കാണെന്നു് ഗവൺമെൻറിനറിയാമോ; ഇവിടെ എങ്ങിനെയാണു്;

(ഇ) ഇൻഡ്യൻ ഫാക്ടറീസ് നിയമം എന്നാണു് ഇന്നത്തെ മീതിയിൽ ഭേദഗതി ചെയ്തതു്; ഇപ്പോൾ എത്ര കാലമായി;

(എഫ്) ഇവിടത്തെ ഫാക്ടറി നിയമം ആ നിലയിൽ കൊണ്ടുവരുവാൻ അമാന്തിക്കുന്നതിനു് വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇൻഡ്യൻ ഫാക്ടറീസ് ആക്ടു് ബി. വിഭാഗം സ്റ്റേറകളിൽകൂടി നടപ്പിലാക്കുവാൻ ഇൻഡ്യാഗവൺമെൻറു് വേണ്ട പ്രാരംഭനടപടികൾ എടുത്തിട്ടുണ്ടു്.

(ബി) തിരുവിതാംകൂർ ഫാക്ടറീസ് ആക്ടു് ഫസ്റ്റ്–ലെ ഇൻഡ്യൻ ഫാക്ടറീസ് ആക്ടിനോടു് തുല്യമാണു്. എന്നാൽ കൊച്ചിൻ ഫാക്ടറീസ് ആക്ടു് അതിൽനിന്നും വിഭിന്നമാണു്. തൊഴിലാളികൾക്കു് ശമ്പളത്തോടുകൂടിയുള്ള അവധി നൽകുന്ന വ്യവസ്ഥകളെ സംബന്ധിച്ചാണു് ഈ വ്യത്യാസം പ്രധാനമായിട്ടുള്ളതു്.

(സി) ആവശ്യപ്പെട്ടിരിക്കാം. ഇൻഡ്യാഗവൺമെൻറിൽനിന്നുതന്നെ ഇതു സംബന്ധിച്ചുള്ള നടപടികൾ എടുത്തിട്ടുള്ളതുകൊണ്ടു് പ്രത്യേകിച്ചു് ഈ ഗവർമെൻറു് എന്തെങ്കിലും നടപടി നടത്തേണ്ടതായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അറിയാം. തിരുവിതാംകൂറിൽ ഓവർടൈം കൂലി കണക്കാക്കുന്നതു് അടിസ്ഥാനകൂലിയും ക്ഷാമബത്തയുംകൂടി ചേർത്തതിന്റെ ഇരട്ടിയാണു്. എന്നാൽ കൊച്ചിയിൽ അടിസ്ഥാനകൂലി നിരക്കിന്റെ ഇരട്ടി മാത്രമെ ഓവർടൈം എന്ന നിലയിൽ കൊടുക്കുന്നുള്ളു.

(ഇ) ഫാക്ടറീസ്-ലാണു് ഇപ്പോഴത്തെ ഫാക്ടറി നിയമം പാസായതു്. ഫാക്ടറീസ് ഏപ്രിൽ 1-ാംനു- അതു് ഉദ്ദേശിതത്തിൽ വന്നു.

(എഫ്) ഇൻഡ്യൻ ഫാക്ടറി നിയമം ബി. വിഭാഗം സ്റ്റോറുകളിൽകൂടി നടപ്പാക്കുവാൻ ഇൻഡ്യാഗവണ്മെണ്ടു് അടുത്തുതന്നെ നിയമനിർമ്മാണം നടത്തുവാൻ വേണ്ട നടപടികളും എടുത്തിട്ടുണ്ടു്.

മീൻപിടിത്തം

൪൯൦. (വുൻ) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തേവരക്കടത്ത കായലിലും മറ്റും തല്ലുവല, അടക്കംകൊല്ലി മുതലായ നിയമരഹിതങ്ങളായ ഉപകരണങ്ങളും ഉപയോഗിച്ചു് മീൻപിടിക്കുവാൻ അനുവാദം നൽകുക ഉണ്ടായിട്ടുണ്ടോ ;

(ബി) അവ തടയുന്നതിനു് വേണ്ട അപേക്ഷകളോ പരാതികളോ പ്രമേയങ്ങളോ ഗവണ്മെണ്ടിനു് ലഭിച്ചിട്ടുണ്ടോ?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസു്) :

(എ) ഇല്ല.

(ബി) ഉണ്ടു്. അവ തടയുന്നതിനു് ഡിപ്പാർട്ടുമെണ്ടിൽനിന്നും വേണ്ട നടപടികളും എടുത്തുവരികയാണു്.

വനം വെട്ടുപദ്ധതി

൪൯൧. (൯൦) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവണ്മെണ്ടിന്റെ വനംവെട്ടുപദ്ധതിയുടെ ഗുണദോഷങ്ങൾ പരിശോധിക്കുവാൻ നിയുക്തമായ കമ്മിറ്റി റിപ്പോർട്ടു് സമർപ്പിച്ചോ ;

(ബി) കണക്കുംപടി എത്രമാത്രം വനം വെട്ടിയിട്ടുണ്ടു് ;

(സി) ജലവൈദ്യുതപദ്ധതിയെയോ മറ്റേതെങ്കിലും പദ്ധതിയെയോ ഇതു ബാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എങ്ങിനെയെന്നു് വിശദമാക്കാമോ ;

(ഡി) വനംവെട്ടു തടയാൻ ഇതിനകം വല്ല നടപടിയും സ്വീകരിക്കുകയുണ്ടായോ?

വിദ്യാഭ്യാസവും തൊഴിലും സിവിലും സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :)

(എ) ഇല്ല.

(ബി) ൩൫,൩൫൫ ഏക്കർ സ്ഥലം കൃഷിക്കായി വിട്ടുകൊടുത്തിട്ടുണ്ടു്.

(സി) യാതൊരു പദ്ധതികളെയും ബാധിച്ചിട്ടുള്ളതായി അറിവില്ല.

(ഡി) കമ്മിറ്റിയുടെ റിപ്പോർട്ടു കിട്ടിയതിനുശേഷം ഈ കാര്യം തീരുമാനിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly